**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.**2045**

06-02-2019 ൽ മറുപടിയ്ക്ക്

## കോന്നി ഫയർ സ്റ്റേഷൻ നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.അടൂർ പ്രകാശ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) കോന്നി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് വേണ്ടി വനം വകുപ്പിന്റെ സ്ഥലം വിട്ടുകിട്ടുന്നതിലേയ്ക്ക് ഓൺലൈൻ നായി അപേക്ഷ സമർപ്പിക്കുന്നതി നാവശ്യമായ പ്രോജക്ട് റിപ്പോർട്ട്, എസ്റ്റിമേറ്റ്, പ്ലാൻ മുതലായവ പൊതുമരാമത്ത് അധികൃതരിൽ നിന്നും ലഭിച്ചിട്ടുണ്ടോ;<br>ബി) ഇവ ലഭ്യമാക്കുവാൻ യൂസർ ഏജൻസി എന്ന നിലയിൽ എന്നാണ് പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയതെന്ന് വ്യക്തമാക്കുമോ;<br>സി) ആയത് ലഭിക്കാൻ താമസം നേരിടുന്ന സാഹചര്യത്തിൽ അവ വേഗത്തിൽ ലഭ്യമാക്കാൻ നടപടി കൈക്കൊള്ളുമോ? | എ), ബി) & സി) സ്ഥലം വിട്ടുനൽകുന്നതിന് വനം വകുപ്പിന് യൂസർ ഏജൻസി എന്ന നിലയിൽ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതി നായി പ്രോജക്ട് റിപ്പോർട്ട്, എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ ലഭ്യമാക്കുന്നതിന് പത്തനംതിട്ട പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 05-01-18 ലെ കത്തു പ്രകാരം അപേക്ഷ നൽകിയിരുന്നു. 07-03-18, 05-04-18 തീയതികളിൽ ഓർമ്മക്കുറിപ്പുകൾ നൽകിയതു പ്രകാരം പ്ലാൻ ലഭിച്ചിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട്, എസ്റ്റിമേറ്റ് തുടങ്ങിയവ വേഗത്തിൽ ലഭിക്കുന്നതിനായി വകുപ്പ് മേധാവി അംഗീകരിച്ച പ്ലാൻ 20-12-2018 ൽ പത്തനംതിട്ട പൊതു മരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ